അഞ്ചാം സ്റ്റാൻഡേർഡ് വരെയുള്ള സ്കൂളുകൾ

103 (1413) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അഞ്ചാം സ്റ്റാൻഡേർഡ് വരെയുള്ള എത്ര സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 740 സ്കൂളുകൾ.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അംഗീകാരമില്ലാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് നടപടി

104 (1414) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-ാം ക്ലാസ്സ് ഒഴിച്ചുള്ള ക്ലാസ്സുകളിൽ സ്കൂൾ പ്രവേശനത്തിന് ടി. സി. നിർബന്ധമാണെന്നുള്ള വിദ്യാഭ്യാസ ചട്ടത്തിന് ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) 2002-2003 വിദ്യാഭ്യാസ വർഷം അംഗീകാരമില്ലാ സ്കൂളുകളിൽ നിയമവിരുദ്ധമായി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെയും പ്രൈവറ്റായി പഠിക്കുന്ന വിദ്യാർത്ഥികളെയും സർക്കാർ/എയിഡഡ്/അംഗീകൃത സ്കൂളുകളിൽ 2003-04 വർഷം പ്രവേശിപ്പിക്കുന്നതിന് ടി. സി. ആവശ്യമില്ല എന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഡി) അംഗീകാരമില്ലാതെ നടത്തുന്ന വിദ്യാലയങ്ങൾക്ക് പരീക്ഷ നടത്താനും ടി. സി. നൽകാനും അധികാരം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) അംഗീകാരമില്ലാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly